**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4185** **03-03-2023 - ൽ മറുപടിയ്ക്ക്**

**പട്ടയ ഭൂമി ഹൗസ് പ്ലോട്ടുകളാക്കി വിൽക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വാഴൂർ സോമൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പട്ടയ ഭൂമി ഹൗസ് പ്ലോട്ടുകളാക്കി വിൽക്കുമ്പോൾ വില്പന നടത്തുന്നവർ തന്നെ റോഡ്, കുടിവെള്ളം ,ഡ്രെയിനേജ് എന്നീ സൗകര്യങ്ങൾക്കുള്ള സ്ഥലം മാറ്റിവയ്ക്കണമെന്നും ബാക്കിയുള്ള സ്ഥലം മാത്രമേ നിർമ്മാണ പ്രവൃത്തികൾക്കായി ഉപയോഗിക്കാവൂ എന്നും നിർദ്ദേശിച്ചുകൊണ്ട് ആവശ്യമായ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (എ) | സംസ്ഥാനത്തെ പട്ടയ ഭൂമി ഹൗസ് പ്ലോട്ടുകളാക്കി വിൽക്കുമ്പോൾ വില്പന നടത്തുന്നവർ തന്നെ റോഡ്, കുടിവെള്ളം, ഡ്രെയിനേജ് എന്നീ സൗകര്യങ്ങൾക്കുള്ള സ്ഥലം മാറ്റി വയ്ക്കണമെന്നും ബാക്കിയുള്ള സ്ഥലം മാത്രമേ നിർമ്മാണ പ്രവൃത്തികൾക്കായി ഉപയോഗിക്കാവൂ എന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്ന വിഷയം പരിശോധിക്കാവുന്നതാണ്.<br><br>താമസാവശ്യത്തിനായുള്ള എല്ലാ പുതിയ ഭൂമി പുനർവിഭജനവും പ്ലോട്ട് വികസനവും (Land division and plot development) നടത്തുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകൾ 2019 ലെ കെട്ടിട നിർമ്മാണച്ചട്ടങ്ങളിലെ (KMBR & KPBR) ചട്ടം 31(1) ൽ പ്രതിപാദിച്ചിട്ടുണ്ട്. ചട്ടം 3(1)(X),(Xii)-ൽ ഭൂമി പുനർ വിഭജനത്തിന് പ്ലോട്ടിന്റെ ആകെ വിസ്തീർണ്ണം, വിഭജിക്കുന്ന പ്ലോട്ടുകളുടെ എണ്ണം എന്നിവക്ക് അനുസൃതമായി തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി/ജില്ലാ ടൗൺപ്ലാനർ എന്നിവരിൽനിന്നും അംഗീകാരം ലഭ്യമാക്കേണ്ടതുണ്ട് എന്നും, ചട്ടം 31(1)(iii) ൽ സൈറ്റിൽ നൽകേണ്ട റോഡുകളുടെ വീതി സംബന്ധിച്ചും ചട്ടം 31(1)(XiV) -ൽ മതിയായ surface water drainage ക്രമീകരണം നൽകണമെന്നും, ചട്ടം 31(1)(V),(Vi) -ൽ ഭൂമിയുടെ ആകെ വിസ്തീർണ്ണം 0.5 ഹെക്ടർ കവിയുമ്പോൾ നൽകേണ്ടുന്ന recreation, open space എന്നിവ സംബന്ധിച്ചും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കുടിവെള്ള സൗകര്യം നൽകുന്നതിനെപ്പറ്റി പ്രതിപാദിച്ചിട്ടില്ല |

സെക്ഷൻ ഓഫീസർ